LIBRARY ARCHIVES.Kerala Legislative Assembly

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ റേഡിയോളജി വിഭാഗത്തിന്റെ ശോചനീയാവസ്ഥ

109(2577) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ അസംഖ്യം കാൻസർ രോഗികൾ ആശ്രയിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലെ റേഡിയോളജി വിഭാഗത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റേഡിയേഷൻ ചികിത്സയ്ക്കുള്ള ഉപകരണങ്ങൾ കാലപ്പഴക്കവും നിരന്തരമായ ഉപയോഗവുംകാരണം പ്രവർത്തനരഹിതമായതിനാൽ രോഗികൾ ചികിത്സ കിട്ടാതെ വലയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിന്റെ ചികിത്സാ സൗകര്യങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് അടിയന്തര പരിഗണന നൽകി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റേഡിയേഷൻ വിഭാഗത്തിലെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2007-ൽ സ്ഥാപിച്ച റേഡിയേഷൻ മെഷീനായ Equinox Cobalt-60-കാലപ്പഴക്കം കൊണ്ട് ഇപ്പോൾ പ്രവർത്തനരഹിതമാകുകയും അതിന്റെ സർവ്വീസ് എഞ്ചിനീയർമാർ പരിശോധിച്ചതിൽ നിന്ന് സോഫ്റ്റ്വെയർ മാറ്റുവാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 8.5 ലക്ഷം രൂപ വിലയുള്ള സോഫ്റ്റ്വെയർ മാറ്റുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു.

(സി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ ലഭ്യമാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.